പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 253 26.09.2016 ൽ - മറുപടിക്ക്

## പുതിയ റേഷൻകാർഡ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാത്തതു സംബന്ധിച്ച പ്രയാസങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) പ്രസ്തുത കാർഡുകൾ വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;<br><br>(സി) പ്രസ്തുത കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ? | (എ), (ബി) & (സി) | സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരികയാണ്. 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി കേരളത്തിൽ നടപ്പിലാക്കു ന്നതുമായി ബന്ധപ്പെട്ട് മുൻഗണനാ വിഭാഗത്തെ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇതിനായി പ്രീ-പോപ്പുലേറ്റഡ് ഫോറം റേഷൻ കടകൾ വഴി വിതരണം ചെയ്ത് കാർഡുടമകൾ നൽകിയ വിവരങ്ങൾ ഡേറ്റാ എൻട്രി നടത്തിയിട്ടുള്ളത് സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് പട്ടിക പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് റേഷൻ കാർഡുകൾ നൽകുന്നതാണ്. അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക റേഷൻകാർഡ് നൽകുവാനും സംവിധാനമുണ്ട്. 2017 മാർച്ച് ആദ്യവാരം വിതരണം ചെയ്യുവാൻ കഴിയുംവിധമാണ് പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ